**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 249** **23-01-2025 - ൽ മറുപടിയ്ക്ക്**

**നാഷണൽ ആയുഷ് മിഷന്റെ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാഷണൽ ആയുഷ് മിഷന്റെ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നാഷണൽ ആയുഷ് മിഷന്റെ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികൾ പുതുതായി അനുവദിക്കുകയാണ് ചെയ്യുന്നത്. നവീകരണ പ്രവർത്തനങ്ങൾ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുന്നതല്ല.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി നിർമ്മിക്കുന്ന ആശുപത്രികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>എ) 50 കിടക്കകളുള്ള ആശുപത്രികൾ – 3 എണ്ണം (അട്ടപ്പാടി, കാപ്പുകാട് & വർക്കല)<br><br>ബി) 30 കിടക്കകളുള്ള ആശുപത്രികൾ – 4 എണ്ണം. (കൊട്ടാരക്കര-കൊല്ലം,കുഴിനിലം-വയനാട്,ആറന്മുള-പത്തനംതിട്ട,രാജകുമാരി - ഇടുക്കി).<br><br>സി) 10 കിടക്കകളുള്ള ആശുപത്രികൾ – 1 എണ്ണം. (അടൂർ – പത്തനംതിട്ട) |
| (ബി) | സ്റ്റേറ്റ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഏതെല്ലാം ആശുപത്രികൾ നവീകരിക്കുന്നതിനാണ് കേന്ദ്ര ആയുഷ് മന്ത്രാലയത്തിൽ സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 2024-25 ൽ സ്റ്റേറ്റ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് സമർപ്പിച്ച പദ്ധതികൾ അംഗീകരിച്ചു ലഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികൾ 2025 മാർച്ച് മാസത്തിലാണ് കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് സമർപ്പിക്കേണ്ടത്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പാലക്കാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പാലക്കാട് ജില്ലയിൽ അപ്ഗ്രേഡേഷൻ ഓഫ് ആയുഷ് ഹോസ്പിറ്റൽ/ഡിസ്പെൻസറി കംപോണന്റിൽ ഉൾപ്പെടുത്തിയ ആയുഷ് സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | പട്ടാമ്പി മണ്ഡലത്തിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ | (ഡി) | ഗവ.ആയുർവേദ ഡിസ്പെൻസറി മുതുതല, ഗവ.ആയുർവേദ ഡിസ്പെൻസറി നെടുങ്ങോട്ടൂർ, ഗവ |

| | | | |
|---|---|---|---|
| | ആയുഷ് ആശുപത്രികളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ? | | ആയുർവേദ ഡിസ്പെൻസറി ഓങ്ങല്ലൂർ, ഗവ.ഹോമിയോ ഡിസ്പെൻസറി തിരുവേഗപ്പുറം എന്നീ ഡിസ്പെൻസറികളെ ആയുഷ് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.<br><br>ആയുഷ് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും 5 ലക്ഷം രൂപ പ്രസ്തുത പഞ്ചായത്തിന് നാഷണൽ ആയുഷ് മിഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഓരോ AYUSH HWCക്കും 4.57 ലക്ഷം രൂപ ഓരോ വർഷവും ശമ്പള ഇനത്തിലും മറ്റ് ആവശ്യങ്ങൾക്കുമായി ആവർത്തന ചെലവായി ലഭ്യമാക്കി വരുന്നുണ്ട്.<br><br>ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങളിൽ ഒരു യോഗ ഇൻസ്ട്രക്ടറെയും, മൾട്ടി പർപ്പസ് ഹെൽത്ത് വർക്കറെയും നാഷണൽ ആയുഷ് മിഷൻ മുഖേന നിയമിച്ചിട്ടുണ്ട്.<br><br>ഗവ ആയുർവേദ ഡിസ്പെൻസറി മുതുതലയ്ക്ക് NABH Certification ലഭ്യമായിട്ടുണ്ട്. പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറി,കൊപ്പം ഹോമിയോ ഡിസ്പെൻസറി, എന്നീ സ്ഥാപനങ്ങളെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതു കൂടാതെ ഗവ.ആയുഷ് ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിന് 5 ലക്ഷം രൂപ വീതവും, ഗവ.ആയുഷ് ഡിസ്പെൻസറികൾക്ക് 3 ലക്ഷം രൂപ വീതവും, കണ്ടിജൻസി ഇനത്തിൽ ഗവ.ആയുഷ് ആശുപത്രികൾക്ക് 70,000/- രൂപ വീതവും, ഗവ.ആയുഷ് ഡിസ്പെൻസറികൾക്ക് 10,000/- രൂപ വീതവും നാഷണൽ ആയുഷ് മിഷൻ മുഖേന നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പാലക്കാട് ആയുഷ്വിഭാഗ സ്ഥാപനങ്ങൾ.

| Palakkad Civil Works | | | |
|---|---|---|---|
| **SL No.** | **SAAP Yr** | **District** | **Institution name** |
| 1 | 2023-24 | Palakkad | Govt. Ayurveda Dispensary Muriyanganni - Palakkad |
| 2 | 2023-24 | Palakkad | Govt. Ayurveda Dispensary Muthalamada - Palakkad |
| 3 | 2023-24 | Palakkad | Govt. Ayurveda Dispensary Vilayur - Palakkad |
| 4 | 2016-17 | Palakkad | Govt. Homoeopathy Dispensary Parali |
| 5 | 2017-18 | Palakkad | Govt. Homoeopathy Dispensary Kannadi |
| 6 | 2023-24 | Palakkad | Govt. Homoeopathy Dispensary Koppam - Palakkad |
| 7 | 2024-25 | Palakkad | Govt. Homoeopathy Dispensary Mankara - Palakkad |
| 8 | 2018-19 | Palakkad | Govt. Ayurveda Hospital Thathamangalam |
| 9 | 2018-19 | Palakkad | District Ayurveda Hospital Palakkad |
| 10 | 2018-19 | Palakkad | Govt. Ayurveda Hospital Tharoor |
| 11 | 2023-24 | Palakkad | Govt. Ayurveda Hospital Ottappalam - Palakkad |
| 12 | 2023-24 | Palakkad | Govt. Ayurveda Hospital Chalavara - Palakkad |
| 13 | 2024-25 | Palakkad | Govt. Ayurveda Hospital Vadakkachery - Palakkad |